'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 845 05.02.2020 ൽ മറുപടിയ്ക്ക്

വനവൽക്കരണ പരിപാടി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ നിലവിലെ വനവിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; | (എ) | വനം വകുപ്പിന്റെ 2017-18-ലെ വാർഷിക ഭരണ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി 11521.813 ചതുരശ്രകിലോമീറ്ററാണ്. ഇത് കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.65% ആണ്. ഇത് ദേശീയ ശരാശരിയായ 23.24 ശതമാനത്തേക്കാൾ കൂടുതലാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവൽക്കരണ പരിപാടി എന്ന നിലയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ; | (ബി) | സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം, കോളേജ് കുട്ടികൾക്കായുള്ള നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്റ്റി, പുഴയോര സംരക്ഷണം Institutional Plantations തുടങ്ങിയവയാണ് വനം വകുപ്പിന്റെ പ്രധാനപ്പെട്ട വനവൽക്കരണ പ്രവർത്തനങ്ങൾ. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത് പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. 2019 -ൽ സംസ്ഥാനത്തുടനീളം ഇപ്രകാരം 63.18 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു. 2020 ൽ വിതരണം നടത്തുന്നതിനായി 50.69 ലക്ഷം വൃക്ഷത്തൈകൾ തയ്യാറാക്കുന്നുമുണ്ട്. കൂടാതെ പാതയോരങ്ങളിലും, വനത്തിന് പുറത്തുള്ള |

| | | | |
|---|---|---|---|
| | | | പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളതൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത് ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാവുകളുടെയും, കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനായി വനനിയമം സെക്ഷൻ (4) പ്രകാരം അനുയോജ്യമായ സ്ഥലങ്ങൾ പ്രൊപ്പോസ്ഡ് റിസർവ്വ് ആയി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 81.68 ഹെക്ടർ കണ്ടൽ വനങ്ങൾ പ്രൊപ്പോസ്ഡ് റിസർവ്വായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2016-17 ൽ 56 പേർക്കും, 2017-18 ൽ 4 പേർക്കും ഇപ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ 2016-17, 2017-18 വർഷങ്ങളിലായി 17697.563 ഹെക്ടർ സ്ഥലത്ത് വനവൽക്കരണ പരിപാലന പ്രവർത്തനങ്ങൾ നടത്തി. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരമുള്ള വനപ്രദേശത്ത് താമസിക്കുന്നവരുടെ ഭൂമിയിൽ ജണ്ടയിട്ടിട്ടുള്ള എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്, വിശദാംശം നൽകാമോ? | (സി) | വനപ്രദേശത്തെ സ്വകാര്യ ഭൂമിയോട് അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ സ്ഥിരം ജണ്ടകൾ സ്ഥാപിച്ച് വനമേഖലയുടെ അതിർത്തി സംരക്ഷിച്ച് പോരുന്നുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തി വനാതിർത്തി പുനർനിർണ്ണയം നടത്തിയതിനുശേഷം മാത്രം ജണ്ടകൾ സ്ഥാപിക്കുന്നതിനാൽ സ്വകാര്യഭൂമികളിൽ ജണ്ടകൾ നിർമ്മിക്കുന്നില്ല. |
| (ഡി) | ഏതെല്ലാം സന്ദർഭങ്ങളിലാണ് ജണ്ടയിടുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളത്, വിശദാംശം നൽകാമോ | (ഡി) | വനം കയ്യേറ്റം തടയുന്നതിനും, വനാതിർത്തി വ്യക്തമായി വേർതിരിക്കുന്നതിനും വേണ്ടിയാണ് സ്ഥിരം ജണ്ടകൾ സ്ഥാപിച്ചുവരുന്നത്. വനാതിർത്തിയോട് ചേർന്നുള്ള സ്വകാര്യഭൂമികളുടെ ക്രയവിക്രയത്തിനായി നിരാക്ഷേപപത്രം (എൻ.ഒ.സി) നൽകേണ്ട വിഷയത്തിൽ കാലതാമസം കുറയ്ക്കുന്നതിനും വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കുന്നത് സഹായകരമാവും. |

Validity unknown

Digitally signed by ANJALYDEVI A G
Date: 2020.02.05 09:44:35 IST
Reason: Approved

സെക്ഷൻ ഓഫീസർ